**പതിനഞ്ചാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5651** **16-03-2023-ൽ മറുപടിയ്ക്ക്**

**<u>നെറ്റ്‌വർക്ക് അസ്സസ്സ്മെന്റ് സോഫ്റ്റ്‌വെയർ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉമ തോമസ്

ശ്രീമതി ഉമ തോമസ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സി-ഡിറ്റിന് അനുവദിച്ച പദ്ധതി വിഹിതം ഉപയോഗിച്ച് മുപ്പത്തി അഞ്ച് ലക്ഷം രൂപയുടെ നെസസ്സ്-ടെനേബിൾ നെറ്റ്‌വർക്ക് അസ്സസ്സ്മെന്റ് സോഫ്റ്റ്‌വെയർ 2018 മാർച്ചിൽ വാങ്ങിയിരുന്നോയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** വാങ്ങിയിരുന്നു.

**(ബി)** ഒരു വർഷ കാലാവധി ഉണ്ടായിരുന്ന പ്രസ്തുത സോഫ്റ്റ്‌വെയർ ഒരു പ്രാവശ്യം പോലും ഉപയോഗിക്കാതെ കാലഹരണപ്പെട്ടു പോയ വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** പ്രസ്തുത സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള വാർഷിക ലൈസൻസിൻ്റെ കാലാവധി പുതുക്കാൻ കഴിയാതിരുന്നതിനാൽ തുടർന്ന് ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ലൈസൻസ് പുതുക്കുകയാണെങ്കിൽ തുടർന്നു ഉപയോഗിക്കാൻ കഴിയുന്നതാണ്.

**(സി)** പ്രസ്തുത സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യാൻ വേണ്ടി പ്ലാൻ ഫണ്ട് ഉപയോഗിച്ച് പതിനഞ്ച് ലാപ്ടോപ്പുകൾ പ്പുകൾ വാങ്ങിയിട്ട് അവ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യാതെ ചട്ട വിരുദ്ധമായി കെ.എസ്.എഫ്.ഇ. യ്ക്ക് നൽകി ആ സ്ഥാപനത്തിൽ നിന്നും അതിന്റെ തുക സി-ഡിറ്റ് കൈപ്പറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഇക്കാര്യത്തിൽ ചട്ടവിരുദ്ധമായ നടപടികൾ ഒന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഡി)** നെസസ്സ്-ടെനേബിൾ സോഫ്റ്റ്‌വെയർ ഉപയോഗിക്കപ്പെടാതെ കാലഹരണപ്പെട്ടത് കൊണ്ടുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഇതിന് ഉത്തരവാദികൾ ആയവർക്കെതിരെ നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** ഉത്തരവാദികൾക്കെതിരെ നടപടിക്ക് ശിപാർശ ചെയ്തിരുന്നു. എന്നാൽ ഇക്കാര്യം പരിശോധിച്ചതിൽ 20.01.2018 ലെ GO (Rt) No. 16/2018/ITD ഉത്തരവിൽ ഓപ്പൺ ടെണ്ടർ വഴിയും സ്റ്റോർ പർച്ചേസ് റൂൾസ് പാലിച്ചുമാകണം Testing Tools വാങ്ങേണ്ടതെന്ന് നിഷ്കർഷിച്ചിരുന്നു. ഇതനുസരിച്ചാണ് രജിസ്ട്രാർ Testing Tools വാങ്ങിയിരുന്നത്.എന്നിരുന്നാലും വിവിധ തരം കക്ഷികൾക്ക് കൺസൾട്ടൻസി ജോലികൾ ചെയ്തുകൊടുക്കുന്ന ഒരു സ്ഥാപനം കൂടിയായ സി-ഡിറ്റ്

ഇനിമേൽ ഇത്തരത്തിലുള്ള ആപ്ലിക്കേഷൻസ് വാങ്ങുന്നതിനുമുമ്പ് സർക്കാർ നിയോഗിക്കുന്ന സാങ്കേതിക കമ്മിറ്റികൾ ആയിരിക്കണം ശുപാർശകൾ സമർപ്പിക്കേണ്ടത് എന്നും ഇതിൽ തീരുമാനം എടുക്കുന്നതിനുമുമ്പ് ആവശ്യകത പഠനം, വിപണി വിശകലനം എന്നിവ നടത്തിയിരിക്കണം എന്നുമുള്ള നിർദ്ദേശം സിഡിറ്റിന് നൽകിയിട്ടുണ്ട്.

**(ഇ)** പ്രസ്തുത ക്രമക്കേടുമായി ബന്ധപ്പെട്ട് ഉത്തരവാദികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കണമെന്നാണ് വകുപ്പ് സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയത്; പ്രസ്തുത ശിപാർശ സർക്കാർ അംഗീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** ഉത്തരവാദികൾക്കെതിരെ നടപടിക്ക് ശിപാർശ ചെയ്തിരുന്നു. എന്നാൽ ഇക്കാര്യം പരിശോധിച്ചതിൽ 20.01.2018 ലെ GO (Rt) No. 16/2018/ITD ഉത്തരവിൽ ഓപ്പൺ ടെണ്ടർ വഴിയും സ്റ്റോർ പർച്ചേസ് റൂൾസ് പാലിച്ചുമാകണം Testing Tools വാങ്ങേണ്ടതെന്ന് നിഷ്കർഷിച്ചിരുന്നു. ഇതനുസരിച്ചാണ് രജിസ്ട്രാർ Testing Tools വാങ്ങിയിരുന്നത്.എന്നിരുന്നാലും വിവിധ തരം കക്ഷികൾക്ക് കൺസൾട്ടൻസി ജോലികൾ ചെയ്തുകൊടുക്കുന്ന ഒരു സ്ഥാപനം കൂടിയായ സി-ഡിറ്റ് ഇനിമേൽ ഇത്തരത്തിലുള്ള ആപ്ലിക്കേഷൻസ് വാങ്ങുന്നതിനുമുമ്പ് സർക്കാർ നിയോഗിക്കുന്ന സാങ്കേതിക കമ്മിറ്റികൾ ആയിരിക്കണം ശുപാർശകൾ സമർപ്പിക്കേണ്ടത് എന്നും ഇതിൽ തീരുമാനം എടുക്കുന്നതിനുമുമ്പ് ആവശ്യകത പഠനം, വിപണി വിശകലനം എന്നിവ നടത്തിയിരിക്കണം എന്നുമുള്ള നിർദ്ദേശം സിഡിറ്റിന് നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**